**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **06-02-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലേക്ക് റോഡ് ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലേക്കും റോഡ് ഗതാഗതം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഏതൊക്കെ ഊരുകളിലാണ് നാളിതുവരെ റോഡ് ഗതാഗത സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്തത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വനം വകുപ്പിന്റെ അനുമതി ആവശ്യമായ വിദൂരസ്ഥിത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡ് ഗതാഗതം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. റോഡ് ഗതാഗതം ലഭ്യമല്ലാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. |
| (ബി) | വനാവകാശ നിയമപ്രകാരം ഡെവലപ്മെന്റ് റൈറ്റ്സ് ലഭിക്കാത്തത് ആദിവാസി ഊരുകളിലേക്കുള്ള റോഡ് നിർമ്മാണത്തെയും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | വനാവകാശ നിയമപ്രകാരം സാധ്യമായ പ്രദേശങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കാറുണ്ട്. എന്നാൽ വികസനാവകാശത്തിൽ പരാമർശിക്കുന്ന പരിധിയിൽപ്പെടുന്ന വിസ്തൃതിയിലും മരങ്ങളുടെ എണ്ണത്തിലും അധികരിക്കപ്പെടുന്ന പ്രദേശങ്ങളിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായി വരാറുണ്ട്. ഇത്തരം പ്രദേശങ്ങളിൽ റോഡ് നിർമ്മാണത്തിന് തടസ്സം നേരിടാറുണ്ട്. ഇത്തരത്തിൽ അനുമതി ആവശ്യമായ സന്ദർഭങ്ങളിൽ നിർവ്വഹണ ഏജൻസികൾ കേന്ദ്ര വനം വകുപ്പ് മന്ത്രാലയത്തിന്റെ 'പരിവേഷ്' പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ച് അനുമതി തേടി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ